# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.11.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കിഴക്കൻ ലഡാക്ക് മേഖലയിലെ യഥാർത്ഥ നിയന്ത്രണ രേഖയിൽ ഇന്ത്യയുടെയും ചൈനയുടെയും സുരക്ഷാസേനകൾ പട്രോളിംഗ് പുനരാരംഭിച്ചു.

   **Indian and Chinese troops resume patrolling at Line of Actual Control in Demchok area of eastern Ladakh region.**

2. കേന്ദ്ര സർക്കാർ പദ്ധതിയായ നമോ ഡ്രോൺ ദീദിയുടെ പ്രവർത്തന മാർഗരേഖ, പുറത്തിറക്കി.

   **The Government has released the Operational Guidelines of Central Sector Scheme Namo Drone Didi.**

3. കേരളത്തിൽ ഉപതെരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം: മുതിർന്ന നേതാക്കൾ സജീവമായി രംഗത്ത്.

   **By-election campaign in Kerala gains momentum: Senior leaders are actively participating in the campaigns.**

4. ഇന്ത്യ-യു.എസ് സംയുക്ത സൈനികാഭ്യാസം, വജ്ര പ്രഹറിന്റെ 15-ാാം പതിപ്പിന് ഇന്ന് അമേരിക്കയിൽ തുടക്കം.

   **The 15th India-US joint Special Forces Exercise VAJRA PRAHAR will begin today in US.**

5. യാക്കോബായ സുറിയാനി സഭ തലവൻ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയുടെ കബറടക്കം ഇന്ന്.

**The funeral of Catholicos Baselios Thomas I, head of the Jacobite Syrian Orthodox Church will be held today.**

6. മുംബൈ ക്രിക്കറ്റ് ടെസ്റ്റിൽ ന്യൂസിലൻഡിനെതിരെ ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും.

**In Cricket, India will resume their first innings of the third and final Test in Mumbai today.**

## INDIA-CHINA PATROLLING

കിഴക്കൻ ലഡാക്ക് മേഖലയിലെ യഥാർത്ഥ നിയന്ത്രണ രേഖയിൽ ഇന്ത്യയുടെയും ചൈനയുടെയും സുരക്ഷാസേന പട്രോളിംഗ് പുനരാരംഭിച്ചു. 2020 ഏപ്രിലിൽ ഇരു സൈന്യങ്ങളും തമ്മിലുണ്ടായ ഏറ്റുമുട്ടലിനെത്തുടർന്ന് നിർത്തിവച്ചിരുന്ന പട്രോളിംഗാണ് ഡെംചോക്ക് മേഖലയിൽ പുനരാരംഭിച്ചത്. ഡെപ്സാങ്ങ് മേഖലയിലെ പട്രോളിംഗ് ഉടൻ പുനരാരംഭിക്കുമെന്ന് ഇന്ത്യൻ സൈനിക വൃത്തങ്ങൾ അറിയിച്ചു. കഴിഞ്ഞ മാസം നടന്ന നയതന്ത്ര, സൈനിക തലത്തിലുള്ള ചർച്ചകൾക്ക് ശേഷമാണ് അതിർത്തികളിലെ സേനാപിന്മാറ്റത്തിന് ഇരുരാജ്യത്തെ സൈനികരും തയ്യാറായത്.

## GOVT - NAMO DRONE DIDI

കേന്ദ്ര പദ്ധതിയായ നമോ ഡ്രോൺ ദീദിയുടെ പ്രവർത്തന മാർഗരേഖ, സർക്കാർ പുറത്തിറക്കി. ദീൻദയാൽ അന്ത്യോദയ യോജന - ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് കീഴിലുള്ള വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ആയിരത്തി 261 കോടി രൂപ ചെലവിൽ ഡ്രോണുകൾ നൽകുന്നതിനുള്ള ഈ പദ്ധതിക്ക് കേന്ദ്ര കാർഷിക ക്ഷേമ മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ട്. 2024-25 മുതൽ 2025-2026 വരെയുള്ള കാലയളവിൽ തിരഞ്ഞെടുത്ത

14,500 വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ഡ്രോണുകൾ നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

## VAISHNAW - NEW DELHI STATION

ഉത്സവ സമയത്തെ യാത്രക്കാരുടെ സൗകര്യങ്ങളും യാത്രാ ക്രമീകരണങ്ങളും അവലോകനം ചെയ്യാൻ റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹി റെയിൽവേ സ്റ്റേഷൻ സന്ദർശിച്ചു. ട്രെയിനുകൾക്കായി പ്ലാറ്റ്ഫോമുകളിൽ കാത്തുനിന്ന യാത്രക്കാരുമായി അദ്ദേഹം സംവദിച്ചു. റെയിൽവേയുടെ ക്രമീകരണങ്ങളിൽ ശ്രീ. വൈഷ്ണവ് സംതൃപ്തി രേഖപ്പെടുത്തി. കഴിഞ്ഞ വർഷം ഇന്ത്യൻ റെയിൽവേ ദീപാവലി, ഛഠ് ഉത്സവകാലത്ത് 4,500 സ്പെഷ്യൽ ട്രെയിനുകൾ ഓടിച്ചു, ഈ വർഷം അത് 7,435 എണ്ണമായി വർദ്ധിപ്പിച്ചെന്നും അദ്ദേഹം പറഞ്ഞു.

## YOUTH AWARD (INTRO)

2022-23 ലെ ദേശീയ യുവജന പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാൻ യുവജനങ്ങളോട് ആഹ്വാനം ചെയ്ത് കേന്ദ്ര യുവജനകാര്യമന്ത്രി മൻസുഖ് മാണ്ഡവ്യ. വിവിധ മേഖലകളിലായി ഇന്ത്യയുടെ വികസനത്തിനും സാമൂഹിക പുരോഗതിക്കുമായി പ്രവർത്തിക്കുന്ന യുവജനങ്ങളുടെ സംഭാവനകൾക്കുള്ള അംഗീകാരമാണ് ദേശീയ യുവജന പുരസ്കാരം. പുരസ്കാരങ്ങൾ കേവലം അംഗീകാരമല്ലെന്നും പുരോഗമനപരവും രാജ്യത്തെ വളർത്തിയെടുക്കുന്ന എല്ലാവരെയും ഉൾക്കൊള്ളുന്ന യുവ നേതൃത്വത്തിന്റെ ആഘോഷമാണെന്നും ശ്രീ മാണ്ഡവ്യ പറഞ്ഞു.

(വോയിസ്)

ഈമാസം 15 വരെ ആഭ്യന്തര മന്ത്രാലയത്തിന്റെ പൊതു അവാർഡ് പോർട്ടലിലൂടെ പുരസ്കാരത്തിനായി അപേക്ഷിക്കാം.

## DELHI - DIGITAL SERVICE CENTRE

രാജ്യത്തെ ഗ്രാമീണ മേഖലയിലെ ഡിജിറ്റൽ വിഭജനം നികത്തുന്നതിനായി ഡിജിറ്റൽ ഇന്ത്യ കോമൺ സർവീസ് സെന്റർ പദ്ധതിയുമായി കേന്ദ്ര സർക്കാർ. ഉത്തർപ്രദേശിലെ പിലിഭിത്, ഗോരഖ്പൂർ എന്നിവിടങ്ങളിൽ ആരംഭിക്കാനിരിക്കുന്ന പദ്ധതിയുടെ കീഴിൽ പത്ത് ജില്ലകളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും, രാജ്യ വ്യാപകമായി നാലായിരത്തി 740 കേന്ദ്രങ്ങളിലുമായി ഓരോ മാതൃകാ ഡിജിറ്റൽ ഇന്ത്യ കോമൺ സർവീസ് സെന്റർ വീതം സ്ഥാപിക്കുമെന്ന് കേന്ദ്ര ഐ ടി മന്ത്രാലയം അറിയിച്ചു.

## INDIA US VAJRA PRAHAR

ഇന്ത്യ-യു.എസ് സംയുക്ത സൈനികാഭ്യാസം, വജ്ര പ്രഹറിന്റെ 15-ാം പതിപ്പിനായി ഇന്ത്യൻ കരസേനാ സംഘം ഇന്നലെ യു എസിലേക്ക് പുറപ്പെട്ടു. ഇന്ന് മുതൽ നവംബർ 22 വരെ യുഎസിലെ ഐഡഹോയിലുള്ള ഓർച്ചാർഡ് കോംബാറ്റ് ട്രെയിനിംഗ് സെന്ററിലാണ് അഭ്യാസം നടക്കുക. ഇന്ത്യ - യുഎസ് സൈന്യങ്ങൾക്കിടയിലെ ഈ വർഷത്തെ രണ്ടാമത്തെ സൈനികാഭ്യാസമാണിത്.

## GUJARATI NEW YEAR

ലോകമെമ്പാടുമുള്ള ഗുജറാത്തി സമൂഹം ഇന്ന് പുതുവർഷം ആഘോഷിക്കുകയാണ്. ഗുജറാത്തിൽ, ഹിന്ദു കലണ്ടർ വിക്രം സംവത്ത്തിലെ കാർത്തിക മാസത്തിലെ ആദ്യ ദിവസമാണ് ഗുജറാത്തികൾ പുതുവർഷമായി ആഘോഷിക്കുന്നത്. ബെസ്റ്റു വാർ എന്നറിയപ്പെടുന്ന ഗുജറാത്തി പുതുവർഷം സംസ്ഥാനത്തുടനീളം പരമ്പരാഗത ആവേശത്തോടെ

ആഘോഷിക്കുന്നു. വ്യാപാരികളും വ്യാപാര സ്ഥാപനങ്ങളും അവരുടെ വ്യാപാര സ്ഥലങ്ങളിൽ പൂജ നടത്തുകയും അഞ്ച് ദിവസത്തേക്ക് കടകൾ അടച്ചിടുകയും ചെയ്യും.

## JHARKHAND - CANDIDATES

ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ ചിത്രം വ്യക്തമായി. രണ്ടാംഘട്ട തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചപ്പോൾ 1,211 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. ആദ്യഘട്ടത്തിൽ 43 മണ്ഡലങ്ങളിൽ ഈ മാസം 13 ന് നടക്കുന്ന വോട്ടെടുപ്പിൽ 683 സ്ഥാനാർത്ഥികൾ മത്സരിക്കും. അതേസമയം രണ്ടാംഘട്ടത്തിൽ 38 മണ്ഡലങ്ങളിലായി 528 സ്ഥാനാർത്ഥികൾ ജനവിധി തേടും. ഈ മാസം 20 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

## JHARKHAND - CAMPAIGNING

മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ഇന്ന് റാഞ്ചി സന്ദർശിക്കും. ജാർഖണ്ഡിലെ ബിജെപി നേതാക്കളുമായി തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ ഷാ അവലോകനം ചെയ്യും. ഘട്ശിലയിലെ ധൽഭുംഗഡ്, ഹസാരിബാഗിലെ ബർകത്ത, ഛത്രയിലെ സിമരിയ എന്നിവിടങ്ങളിലെ മൂന്ന് തിരഞ്ഞെടുപ്പ് റാലികളെയും അദ്ദേഹം നാളെ അഭിസംബോധന ചെയ്യും. അതിനിടെ, ഭരണകക്ഷിയായ I.N.D.I.A ബ്ലോക്കും പ്രതിപക്ഷമായ NDA യും ജനപിന്തുണ നേടിയെടുക്കാൻ ശ്രമിക്കുന്നതിനാൽ തിരഞ്ഞെടുപ്പ് പ്രചാരണ ചൂട് ഉയരുകയാണ്.

## BY-ELECTION-CAMPAIGN

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമായി. വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ പ്രചാരണ രംഗം സജീവമാണ്. ഈ മാസം 13നാണ് തിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ 23ന് നടക്കും.

## PALAKKAD ELECTION (INTRO)

പാലക്കാട് നിയസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണം, സ്ഥാനാർഥികളുടെ ഗൃഹ സന്ദർശനവും ബൂത്ത് സമ്പർക്കങ്ങളുമായി പുരോഗമിക്കുകയാണ്. മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രവർത്തനം ഊർജ്ജിതമായി.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്........

(വോയിസ്)

## PM- MAHA POLL VISIT

നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തോടനുബന്ധിച്ച് പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഈ മാസം എട്ടിന് മഹാരാഷ്ട്ര സന്ദർശിക്കും. ധൂലെയിൽ റാലിയിൽ അദ്ദേഹം പങ്കെടുക്കും. വിവിധ ഇടങ്ങളിൽ പ്രചാരണ പരിപാടിയിലും ശ്രീ മോദി പങ്കെടുക്കും.

## CATHOLIC BAVA

യാക്കോബായ സുറിയാനി സഭ തലവൻ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയുടെ കബറടക്കം ഇന്ന് വൈകുന്നേരം നാലുമണിയോടെ പുത്തൻകുരിശ് പാത്രിയാർക്ക സെൻററിലെ സെൻറ് അത്തനേഷ്യസ് കത്തീഡ്രലിൽ നടക്കും. സഭയുടെ മെത്രാപ്പൊലീത്തൻ ട്രസ്റ്റി ജോസഫ് മാർ ഗ്രിഗോറിയോസ്, പാത്രിയാർക്കീസ് ബാവയുടെ പ്രതിനിധികൾ തുടങ്ങിയവർ കബറടക്ക ശുശ്രൂഷകൾക്ക് കാർമികത്വം വഹിക്കും. കബറടക്ക ശുശ്രൂഷകൾ നടക്കുന്നതിനാൽ പുത്തൻ കുരിശിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്നലെ രാത്രി സെൻറ് അത്തനേഷ്യസ് കത്തീഡ്രലിൽ എത്തിച്ച കാതോലിക്ക ബാവയുടെ ഭൗതികശരീരം ദർശിക്കാൻ നൂറുകണക്കിന് വിശ്വാസികളാണ് എത്തിയത്. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രി പി രാജീവ് തുടങ്ങിയവരും പാത്രിയാർക്ക സെൻററിൽ എത്തിയിരുന്നു.

## IND VS NZ TEST

മുംബൈ ക്രിക്കറ്റ് ടെസ്റ്റിൽ ന്യൂസിലൻഡിനെതിരെ ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും. ഇന്നലെ ന്യൂസിലൻഡിൻറെ ആദ്യ ഇന്നിംഗ്സ് 235 ന് അവസാനിച്ചിരുന്നു. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ, ആദ്യ ദിവസം കളി അവസാനിപ്പിക്കുമ്പോൾ 4 വിക്കറ്റ് നഷ്ടത്തിൽ 86 റൺസ് എന്ന നിലയിലാണ്. ആദ്യ രണ്ട് മത്സരങ്ങളും വിജയിച്ച ന്യൂസിലൻഡ് നേരത്തെ പരമ്പര സ്വന്തമാക്കിയിരുന്നു.

## RAJNATH SINGH

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് ഇന്ന് കാൺപൂർ സന്ദർശിക്കും. ഐഐടി കാൺപൂരിൽ 65-ാമത് സ്ഥാപക ദിന പരിപാടിയിൽ അദ്ദേഹം മുഖ്യ അതിഥിയായി പങ്കെടുക്കും.

## RAIN ALERT KERALA

കേരളത്തിൽ അടുത്ത നാലു ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി. കേരള തീരത്ത് മത്സ്യബന്ധനത്തിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

## SSLC + PLUSTWO EXAM DATE

കേരളത്തിൽ ഈ അധ്യയന വർഷത്തെ SSLC, ഹയർ സെക്കണ്ടറി പരീക്ഷ തീയതികൾ പ്രഖ്യാപിച്ചു. SSLC പരീക്ഷ 2025, മാർച്ച് 3 മുതൽ 26 വരെയും ഹയർ സെക്കണ്ടറി പരീക്ഷ മാർച്ച് 6 മുതൽ 29 വരെയും നടക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

## ISRAEL-AIRSTRIKES

ലെബനനിലെ വടക്കു-കിഴക്കൻ മേഖലയിൽ ഇസ്രയേൽ നടത്തിയ വ്യോമ ആക്രമണത്തിൽ 45 പേർ കൊല്ലപ്പെട്ടു. അതെസമയം ഇസ്രായേലിന്റെ വടക്കൻ ഭാഗത്ത് ഹിസ്ബുള്ള നടത്തിയ റോക്കറ്റ് ആക്രമണങ്ങളിൽ ഏഴ് പേർ കൊല്ലപ്പെട്ടു. മെതുലയിലും ഹൈഫയിലും സ്ഥിതി ചെയ്യുന്ന കൃഷിയിടങ്ങളിലാണ് ആക്രമണം നടന്നത്. വ്യാഴാഴ്ച ആരംഭിച്ച ഇസ്രയേൽ വ്യോമ ആക്രമണത്തിൽ

പലസ്തീൻ ജനത 25 മൃതദേഹങ്ങൾ കണ്ടെത്തിയതായി മധ്യ ഗസയിലെ ആശുപത്രി അധികൃതർ അറിയിച്ചു.